LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ആശുപത്രികൾ

285 (2015) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സഹകരണ ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 75 സഹകരണ ആശുപത്രികളെ സംബന്ധിച്ച വിവരം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

വിശദാശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കോവിഡ് വ്യാപനംമൂലം നല്ലൊരു വിഭാഗം സഹകരണ ആശുപത്രികളും വരുമാന നഷ്ടം കൊണ്ട് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത ആശുപത്രികൾക്കായി ആശ്വാസ പദ്ധതികൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് വ്യാപനംമൂലം സാമ്പത്തിക പ്രതിസന്ധിയിലായ സംഘങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേകമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാന ആശുപത്രി സഹകരണ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഏതൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ആശുപത്രി സഹകരണ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സഹകരണ ആശുപത്രി ഫെഡറേഷന്റെ പ്രതിനിധികളുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

പി.എം.എ.വൈ. ഗ്രണഭോക്താക്കൾക്ക് സഹകരണ വായ്പ

286 (2016) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പി.എം.എ.വൈ.(അർബൻ) പദ്ധതി പ്രകാരം നഗരസഭകളിൽ വീട് വെയ്ക്കുന്നതിന് 4 ലക്ഷം രൂപ അനുവദിക്കപ്പെടുന്ന 1.5 സെന്റ് ഭൂമി മാത്രം കൈവശമുള്ള ഗ്രണഭോക്താക്കൾ പ്രസ്തുത തുകകൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കാനാവാതെ വായ്പയ്ക്കായി സഹകരണ സംഘങ്ങളെ സമീപിക്കുമ്പോൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വായ്പ അനുവദിക്കുന്നതിന് 2 സെന്റ് ഭൂമി വേണമെന്ന നിബന്ധന സഹകരണസംഘങ്ങൾ മുന്നോട്ട് വയ്ക്കുന്നത്മൂലം പ്രസ്തുത ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ച്കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ പി.എം.എ.വൈ.(അർബൻ) പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും വായ്പ ലഭിക്കുന്നതരത്തിൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കാമോ?

ബാധകമല്ല.

ഓൺലൈൻ പഠനോപകരണങ്ങൾക്കായി പലിശ രഹിത വായ്പ

287 (2017) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഓൺലൈൻ പഠനോപകരണങ്ങൾ വാങ്ങുന്നതിന് സഹകരണ ബാങ്കുകൾ വഴി പലിശ രഹിത വായ്പകൾ അനുവദിക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

അതത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്ക് ശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകൻ സംഘത്തിലെ 'എ' ക്ലാസ്/'സി' ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പയ്ക്കുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും ഒന്നിച്ച് പരിഗണിക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ.

(ബി) ഇത്തരം വായ്പകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നൽകുന്നതിന് പ്രത്യേക ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴിയും അനുവദിക്കുന്നത് സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly